ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. എം. മത്തായി: റിപ്പോർട്ടിലെ വിവരവും പത്രവാർത്തയും താരതമ്യപ്പെടുത്തി, റിപ്പോർട്ടതന്നെയാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതെങ്കിൽ വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ഡ്രൈവറന്മാരും, കണ്ടക്ടറന്മാരും.

* 147. [19] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ ഡ്രൈവറന്മാർ, കണ്ടക്ടറന്മാർ എന്നിവരുടെ സർവ്വീസ് പെൻഷനബിളാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) ഓരോരുത്തരുടെയും സർവ്വീസിന്റെ തുടക്കം മുതൽ.

ശ്രീ. എം. എം. മത്തായി : പെൻഷനബിളാക്കാതെ ഏതെങ്കിലും ഡ്രൈവർമാരുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : പെൻഷനബിളായോ, നാൻപെൻഷനബിളായോ ഇഷ്ടമുള്ളതിനു് അവർക്ക് ഓപ്ഷൻ കൊടുത്തിട്ടുണ്ട്.

ശ്രീ. എം. എം. മത്തായി : ഏതു വിഭാഗത്തിലാണ് കൂടുതൽ ആളുകൾ സമ്മതം നൽകിയിട്ടുള്ളത് ?

ശ്രീ. കെ. ഐ. വേലായുധൻ : 75 ശതമാനവും പെൻഷനബിളാകണമെന്നാണ് പറഞ്ഞിരിക്കുന്നത്.

പഞ്ചായത്തു തിരഞ്ഞെടുപ്പ്

* 148. [20] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിലെ പഞ്ചായത്തുകളിൽ ഇപ്പോഴുള്ള പഞ്ചായത്തു കമ്മിറ്റിയുടെ കാലാവധി അവസാനിക്കുന്നതെന്നാണ് ;

(ബി) പുതിയ തിരഞ്ഞെടുപ്പുകൾ എന്നത്തേയ്ക്കു നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(സി) പുതിയ തിരഞ്ഞെടുപ്പിനുമുമ്പായി നിലവിലുള്ള പഞ്ചായത്തുകളുടെ അതിർത്തിമാറ്റങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചു വേണ്ട മാറ്റങ്ങൾ വരുത്തിത്തീർക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly